CAREERINDIA

No. of Printed Pages : **5**

**6845**

Register Number

# Language – Part IV – MALAYALAM

(Poetry, Prose, Grammar, Composition and Non-detailed)

Time Allowed : 2½ Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

**I.** (A) ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. **3x1=3**

**1.** ത്രേതായുഗത്തിൽ ആരുടെ പുത്രിയായിട്ടാണ് സീത ജനിച്ചത് ?

(a) ജനകൻ (b) ദശരഥൻ (c) വസിഷ്ഠൻ

**2.** കടമ്മനിട്ട രാമകൃഷ്ണന്റെ കവിതയാണ് :

(a) മാമ്പഴം (b) മകനോട് (c) ഓണപ്പാട്ടുകാർ

**3.** എന്താണ് ഖാണ്ഡഹാറായി മാറിയത് ?

(a) ഗാന്ധാരം (b) മിഥില (c) കോസലം

(B) ചേരുംപടി ചേർക്കുക. **3x1=3**

**4.** അദ്ധ്യാത്മരാമായണം - ഒ.എൻ.വി. കുറുപ്പ്

**5.** സൂര്യകാന്തി - എഴുത്തച്ഛൻ

**6.** ഗാന്ധാരം - ജി. ശങ്കരക്കുറുപ്പ്

- കടമ്മനിട്ട രാമകൃഷ്ണൻ

(C) അർത്ഥമെഴുതുക. **4x1=4**

**7.** രജനി

**8.** ജനനി

**9.** തല്പം

**10.** സവിതാവ്

[ Turn over

www.careerindia.com

CAREERINDIA



**II.** പദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഒന്നിനുമാത്രം) **4x1=4**

**11.** ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്

''ജാതി ചോദിക്കുന്നില്ല ഞാൻ സോദരി;

ചോദിക്കുന്നു നീർ നാവു വരണ്ടഹോ !

ഭീതി വേണ്ടാ, തരികതെനിക്കു നീ.''

(a) ഈ വരികൾ എഴുതിയ കവി ആരാണ് ?

(b) ഏത് കാവ്യത്തിൽ നിന്നെടുത്ത വരികളാണിത് ?

(c) ആരാണ് ഓതിയത് ?

(d) എന്താണ് ഓതിയത് ?

**12.** ചരമഗിരിശിരസി രവിയും പ്രവേശിച്ചിതു

ചാരുലങ്കാഗോപുരാഗ്രേ കപീന്ദ്രനും

ദശവദനനഗരമതിവിമലവിപുലസ്ഥലം

ദക്ഷിണവാരിധി മദ്ധ്യേമനോഹരം

(a) ഈ വരികൾ എഴുതിയ കവി ആരാണ് ?

(b) ഏത് കാവ്യഭാഗത്തുനിന്നെടുത്ത വരികളാണിത് ?

(c) എവിടെയാണ് രവി പ്രവേശിച്ചത് ?

(d) ലങ്കാഗോപുരാഗ്രത്തിൽ പ്രവേശിച്ചത് ആരാണ് ?

**III.** മൂന്നു ചോദ്യത്തിന് ഉത്തരമെഴുതുക. **3x2=6**

**13.** വാഴപ്പഴം ഏതുപോലെ ദുഃഖമകറ്റുന്നു എന്നാണ് കവി പറയുന്നത് ?

**14.** മകനോട് എങ്ങനെ ഉള്ളവനായിത്തീരാനാണ് പറയുന്നത് ?

**15.** 'കൊല്ലിക്കയല്ലേ രസം നിനക്കെ'ന്ന് ആര് ആരോടാണ് ചോദിച്ചത് ?

**16.** സൂര്യന്റെ മുഖം വിവർണമായതെപ്പോൾ ?

**17.** ഹനുമാൻ എങ്ങനെയാണ് ലങ്കയുടെ ഉള്ളിൽ കടക്കാൻ മുതിർന്നത് ?

www.careerindia.com

CAREERINDIA



**IV.** രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**

**18.** 'അകലുകയാണിവ മെല്ലെമെല്ലെ' – എന്തെല്ലാമാണ് അകന്നുപോകുന്നതായി കവിക്ക് തോന്നുന്നത് ?

**19.** പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ എന്ന് പൂവ് പറയുന്നതെന്തുകൊണ്ട് ?

**20.** ഭിക്ഷുവിന് വെള്ളം പകരുന്ന സ്ത്രീയുടെ ഭാവ പ്രകടനങ്ങൾ കുമാരനാശാൻ വർണിക്കുന്നതെങ്ങനെ ?

**21.** 'കപിവരനൊടവളുമെഴുന്നേറ്റു ചൊല്ലീടിനാൻ.' എന്താണ് ലങ്കാലക്ഷ്മി ഹനുമാനോട് പറഞ്ഞത് ?

**V.** താഴെകൊടുത്തിട്ടുള്ള പദ്യഭാഗം പൂരിപ്പിക്കുക. (ഒന്നുമാത്രം) **1x8=8**

**22.** കമലദലനയന __________ പുക്കിരിക്കുന്ന നാൾ

**23.** ആര്യമാവിനെ __________ ദിവ്യസ്നേഹം

**VI.** (A) ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. **3x1=3**

**24.** 'നിത്യമായ യശസ്സിനെ കാംക്ഷിക്കുന്നവനാണ് ഞാൻ.' ഇങ്ങനെ പറയുന്നത് ആരാണ് ?

(a) ഇന്ദ്രൻ (b) സൂര്യൻ (c) കർണൻ

**25.** ലഘുഭക്ഷണത്തോടുപമിക്കാവുന്ന സാഹിത്യരൂപം :

(a) നോവൽ (b) നാടകം (c) ചെറുകഥ

**26.** ശിലായുധം ഉണ്ടാക്കുന്ന തൊഴിൽശാല ഏതു സ്ഥലത്താണ് ?

(a) ഗുഡിയം (b) കമ്മവാർപാളയം (c) ആറ്റംപാക്കം

(B) അർത്ഥമെഴുതുക. **4x1=4**

**27.** നിയതം

**28.** വിജ്ഞൻ

**29.** പ്രതിയോഗി

**30.** സങ്കുചിതം

[ Turn over

www.careerindia.com

CAREERINDIA



(C) വിപരീതപദമെഴുതുക. **3x1=3**

**31.** വിശ്വാസി

**32.** ധർമ്മം

**33.** സ്വാതന്ത്ര്യം

**VII.** മൂന്നു ചോദ്യത്തിന് ഉത്തരമെഴുതുക. **3x2=6**

**34.** ലേഖകന് ഉൾക്കുളിര് തോന്നാൻ കാരണമായ ആയുധത്തെക്കുറിച്ച് എഴുതുക.

**35.** ഇന്ത്യയിലെ ഭാഷാഗോത്രങ്ങളേതെല്ലാം ?

**36.** സൂര്യബിംബത്തിൽനിന്നുണ്ടായ അശരീരി എന്തായിരുന്നു ?

**37.** ഗദ്യസാഹിത്യരൂപങ്ങളെ എങ്ങനെ തരം തിരിക്കാം ?

**38.** എന്താണ് നാടോടിരംഗവേദി ?

**VIII.** രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**

**39.** കേരളത്തിലെ നാടൻകലകളുടെ അനുഷ്ഠാനപരതയെക്കുറിച്ചെഴുതുക.

**40.** ഇന്ദ്രന്റെ അർത്ഥന നിരസിക്കാനാവശ്യപ്പെട്ട സൂര്യന് കർണൻ നൽകിയ മറുപടിയെന്തായിരുന്നു ?

**41.** ഗുഡിയത്തിലെ ശിലായുധങ്ങളുടെ പഴക്കത്തെക്കുറിച്ചെഴുതുക.

**42.** മൂന്നു പണ്ഡിതന്മാരും പരസ്പരം വെല്ലുവിളിച്ചതെന്തിനായിരുന്നു ?

**IX.** ഒരു കഥയുടെ ആസ്വാദനം എഴുതുക. **1x10=10**

**43.** അമ്മ തുറക്കുന്ന വാതിൽ

**44.** കടൽത്തീരത്ത്

**45.** പാതിയിൽ മുറിഞ്ഞ പ്രാർത്ഥന

www.careerindia.com

CAREERINDIA



X. (A) ഒരു അലങ്കാരത്തിന്റെ ലക്ഷണമെഴുതി ഉദാഹരിക്കുക. 3x1=3

46. ഉപമ

47. ഉൽപ്രേക്ഷ

48. ദീപകം

(B) ഒരു വൃത്തത്തിന്റെ ലക്ഷണമെഴുതി ഉദാഹരിക്കുക. 3x1=3

49. കാകളി

50. മഞ്ജരി

51. വസന്തതിലകം

XI. നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക (രണ്ടെണ്ണത്തിന്) 2x2=4

52. മഴപെയ്യില്ല. എങ്കിലും തണുപ്പുണ്ട് (ഒറ്റവാക്യമാക്കുക)

53. മിതമായ ഭാഷണം, കോഴിയുടെ മുട്ട (ഒറ്റപ്പദമാക്കുക)

54. മാതാവ്, നടൻ (എതിർലിംഗമെഴുതുക)

55. വ്യാസൻ മഹാഭാരതം രചിച്ചു (പ്രയോഗം മാറ്റുക)

XII. 56. വിനോദയാത്രയ്ക്കു പോവാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് അച്ഛന് കത്തെഴുതുക. 1x10=10

**അല്ലെങ്കിൽ**

57. നിങ്ങളുടെ പിറന്നാളാഘോഷത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചുകൊണ്ട് സുഹൃത്തിന് കത്തെഴുതുക.

XIII. ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ ഉപന്യസിക്കുക. 1x10=10

58. വായനയുടെ പ്രാധാന്യം

59. ഓണാഘോഷം

60. പരിസ്ഥിതിസംരക്ഷണം

- o O o -

www.careerindia.com

www.careerindia.com